## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 366** **10.03.2015-ൽ മറുപടിയ്ക്ക്**

# കൂടംകുളം ആണവ നിലയത്തിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി വിഹിതം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. പി. എ. മാധവൻ :<br>ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. തേറമ്പിൽ രാധാകൃഷ്ണൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | കൂടംകുളം ആണവ നിലയത്തിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ടത് എത്ര മെഗാവാട്ട് വൈദ്യുതി ആണ് ; വിശദമാക്കുമോ ; | (എ) | 2000 MW (1000 മെഗാവാട്ടിന്റെ രണ്ട് യൂണിറ്റ്) സ്ഥാപിതശേഷിയുള്ള കൂടംകുളം നിലയത്തിൽ നിന്നും കെ.എസ്.ഇ.ബി.എൽ.ന് അർഹമായ വിഹിതം 266 മെഗാവാട്ടാണ് (13.3 ശതമാനം). ഇപ്പോൾ പ്രവർത്തന ക്ഷമമായിട്ടുള്ള 1000 മെഗാവാട്ടിന്റെ ഒരു യൂണിറ്റിൽ നിന്നും 133 മെഗാവാട്ട് വൈദ്യുതി ലഭിച്ചുവരുന്നു. |
| (ബി) | ഇതു സംബന്ധിച്ച കരാർ ഒപ്പ് വച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (ബി) | ഉണ്ട്. കൂടംകുളം ആണവ നിലയത്തിൽ നിന്നുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനു 15.11.2013 ന് ന്യൂക്ലിയർ പവർ കോർപ്പറേഷനുമായി (NPCIL) കെ.എസ്.ഇ.ബി. കരാർ ഒപ്പിട്ടിട്ടുണ്ട്. |
| (സി) | കൂടംകുളം ആണവ വൈദ്യുതി നിലയത്തിൽ നിന്ന് സംസ്ഥാനത്തിന്റെ വിഹിതം ലഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (സി) | ഇപ്പോൾ പ്രവർത്തനക്ഷമമായ യൂണിറ്റിൽ നിന്നും അർഹമായ വിഹിതം ലഭിക്കുന്നുണ്ട്. തമിഴ്നാട്ടിലെ കൂടംകുളം ആണവനിലയത്തിൽ നിന്നും കേരളത്തിനർഹതപ്പെട്ട വൈദ്യുതി വിഹിതം എത്തിക്കുന്നതിന് വേണ്ടിയാണ് തിരുനെൽവേലി മുതൽ തൃശ്ശൂർ മാടക്കത്തറ വരെ 400 കെ.വി. ലൈൻ വലിക്കുവാൻ ഉദ്ദേശിക്കുന്നത്. ടി ലൈനിന്റെ നിർമ്മാണ പ്രവർത്തികൾ സെൻട്രൽ ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായ പവർഗ്രിഡ് കോർപ്പറേഷനാണ് നടപ്പിലാക്കുന്നത്. പ്രസ്തുത ലൈൻ റൂട്ടിൽ തിരുനെൽവേലി മുതൽ ഇടമൺ വരെയും മാടക്കത്തറ മുതൽ പള്ളിക്കര (കൊച്ചി ഈസ്റ്റ്) വരെയുമുള്ള 400 കെ.വി. ലൈൻ നിർമ്മാണവും പള്ളിക്കരയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ഇടമൺ മുതൽ പള്ളിക്കര (കൊച്ചി ഈസ്റ്റ്) വരെയുള്ള ലൈൻ റൂട്ടിൽ കർഷകരുടെ എതിർപ്പ |

മൂലം പ്രവൃത്തികൾ തടസ്സപ്പെട്ടിരിക്കുകയായിരുന്നു. ഇത് പരിഹരിക്കുന്നതിനായി ഗവൺമെന്റ് തലത്തിൽ വിവിധ മീറ്റിംഗുകൾ നടത്തുക- യുണ്ടായി. ഇടമൺ - കൊച്ചി ഭാഗത്തെ ലൈൻ നിർമ്മാണത്തിന് നഷ്ടപരിഹാരം നൽകുന്നതിന് ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ലൈൻ റൂട്ടിൽ നിർമ്മാണം പുനരാരംഭിക്കുന്നതിനു വേണ്ട നടപടികൾ തുടർന്നു വരുന്നു. കൂടാതെ പി.ജി.സി.ഐ.എൽ.ന്റെ അഭ്യർത്ഥന കണക്കിലെടുത്ത് ടി ലൈൻ നിർമ്മാണത്തിനു പി.ജി.സി.ഐ.എൽ.ന് സഹായിക്കുന്നതിനു വേണ്ടി ഒരു സ്പെഷ്യൽ ടാസ്ക്ക് ഫോഴ്സും കെ.എസ്.ഇ.ബി.എൽ.ൽ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ കൂടംകുളത്തു നിന്നുള്ള വിഹിതം ദൈർഘ്യമേറിയ മറ്റു ലൈൻ വഴിയാണ് ലഭ്യമായിക്കൊണ്ടിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ.**